







ലേഖനം നമ്പർ - 1

വിശുദ്ധ കുർബ്ബാന - ലഘുവ്യാഖ്യാനം

ആമുഖം (പാർട്ട് 1) :

മനുഷ്യരക്ഷക്കു വേണ്ടിയുള്ള ഏഴു പ്രധാനകൂദാശകളിൽ കൂദാശകളുടെ കൂദാശയാണ് വി. കുർബ്ബാന. കാതോലികവും, അപ്പോസ്തോലികവുമായ ക്രിസ്തീയ സഭയിലെ ഏറ്റവും പ്രധാനപ്പെട്ട കൂദാശയും ഇതു തന്നെ. തിരുബലിയിൽ പങ്കാളികളായി നമ്മെതന്നെ സമർപ്പിക്കുന്നതും, കർത്താവിനെ പുതിയതായി പ്രാപിക്കുന്നതുമായ ഒരു കൂദാശയാണ് വി. കുർബ്ബാന. “എന്റെ ഓർമ്മക്കായി നിങ്ങൾ ഇതു ചെയ്‌വിൻ” (ലൂക്കോ. 22:19). എന്ന കൽപ്പനപ്രകാരം അപ്പ വീഞ്ഞുകൾ വാഴ്ത്തുകയും തിരുശരീരം നമ്മൾ അനുഭവിക്കുകയും നമ്മെത്തന്നെ ബലിയായി സമർപ്പിക്കുകയും ചെയ്യുന്ന കൂദാശയാണ് വി. കുർബ്ബാന.

വി. കുർബ്ബാന കർത്താവായ യേശുക്രിസ്തു നേരിട്ട് സ്ഥാപിച്ച് ശിഷ്യന്മാരെ പ്രത്യേകം ഭരമേൽപ്പിച്ചു. ദൈവത്തിന്റെ പ്രധാനാചാര്യനായ മൽക്കിസദേക്ക് (അബ്രഹാമിന്റെ കാലത്ത് ജീവിച്ചിരുന്നു.) ആദിമുതൽതന്നെ അപ്പത്തിലും വീഞ്ഞിലും ദൃഷ്ടാന്തപ്പെടുത്തിയതാണ് ഈ കൂദാശ. ''ശലേം രാജാവായ മൽക്കിസദേക്ക് അപ്പവും വീഞ്ഞും കൊണ്ടുചെന്നു, അയാൾ അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനായിരുന്നു'' (ഉല്പ. 14:18).

വി കുർബ്ബാനയിലെ എല്ലാകാര്യങ്ങൾക്കും വലിയ അർത്ഥമുണ്ട്. ഓരോ ക്രിയകൾക്കും അതിന്റേതായ പ്രാധാന്യമുണ്ട്. ആരാധനയിൽ ഉപയോഗിക്കുന്ന പ്രതീകങ്ങളിൽ കാണുന്ന നിറത്തിനും പ്രത്യേക അർത്ഥമുണ്ട്. മദ്ബഹായിൽ പുരോഹിതന്റെ ഓരോ ചുവടുവയ്പ്പിനുപോലും വലിയ ലക്ഷ്യമുണ്ട്. ധരിക്കുന്ന വസ്ത്രത്തിന് സൂചനകളുണ്ട്. ഉച്ചരിക്കുന്ന വാക്കുകൾ വിസ്മയനീയങ്ങളായ ഹൃദയ വ്യാപാരത്തെയും സ്വർഗ്ഗീയ അനുഭൂതികളെയും വിളിച്ചറിയിക്കുന്നവയാണ്. ഇതിൽ ഉപയോഗിക്കുന്ന വസ്തുപദാർത്ഥങ്ങളെല്ലാം ഒന്നല്ലെങ്കിൽ മറ്റൊന്നിനെ പ്രതിനിധീകരിക്കുകയും ചിന്തകളെ തട്ടിയുണർത്തുകയും ചെയ്യുന്നവയാണ്.

നമ്മുടെ കർത്താവിന്റെ മരണത്തിനു മുമ്പുള്ള സന്ധ്യയിൽ ശിഷ്യന്മാരുമായി അപ്പവീഞ്ഞുകൾ ഉപയോഗിച്ച് നിർവ്വഹിച്ച ശുശ്രൂഷയാണ് വിശുദ്ധ കുർബ്ബാനയുടെ അടിസ്ഥാനം. ഈ ശുശ്രൂഷയുടെ മുഖ്യ കാർമികൻ കർത്താവു തന്നെയായിരുന്നു. പിന്നീടത് മേൽപട്ടക്കാരും പട്ടക്കാരുമായി. ആദ്യകാലത്ത് കൂടിവരുമ്പോഴൊക്കെയും അനുഷ്ടിച്ചിരുന്ന ഈ ശുശ്രൂഷ പിന്നീട് ആഴ്ചയിലെ ആദ്യദിവസം എന്ന രീതിയിലേക്ക് വന്നു. (അപ്പോ. 20:7). യെശയ്യാവ് ആറാം അദ്ധ്യായത്തിൽ വിവരിക്കുന്ന സ്വർഗ്ഗത്തിലെ മാലാഖമാരുടെ ആരാധനയുടെ ചുവടു പിടിച്ചും വെളിപ്പാടു പുസ്തകത്തിലെ പലഭാഗങ്ങളിൽ നിന്നും ലഭിച്ച വിവരങ്ങളിൽ നിന്നും ആരാധനയ്ക്ക് ഇന്നത്തെ രൂപം കൈവന്നു.

വൈദീകർ കുർബ്ബാനയ്ക്ക് ഇപ്പോൾ ഉപയോഗിക്കുന്ന ക്രമപുസ്തകത്തിന് “തക്സാ“ എന്നു പറയുന്നു. ഈ “തക്സാ“ ആദ്യം എഴുതിയുണ്ടാക്കിയത് കർത്താവിന്റെ സഹോദരനും അപ്പോസ്തലനും യെരുശലേമിലെ ഒന്നാമത്തെ ബിഷപ്പുമായ വി. യാക്കോബാണ്. അതുകൊണ്ട് അദ്ദേഹത്തിന്റെ ക്രമത്തിന് യാക്കോബിന്റെ തക്സാ എന്നു പറയുന്നു. 5-ാം തുബ്ദേനിൽ ഒന്നാമതായി വി. യാക്കോബിനെഓർക്കുന്നു. പെന്തിക്കോസ്തിക്കു ശേഷമുള്ള ബുധനാഴ്ചയാണ് അദ്ദേഹം ആദ്യ കുർബ്ബാന അർപ്പിച്ചത്. അന്ത്യ അത്താഴത്തിൽ കർത്താവ് ഉപയോഗിച്ച അപ്പത്തിന്റെ ഒരംശം ചേർത്തുണ്ടാക്കിയ അപ്പമാണ് അദ്ദേഹം ഉപയോഗിച്ചതെന്ന് സഭ വിശ്വസിക്കുന്നു. അതിൽ നിന്ന് പിന്നീട് കുർബ്ബാന അനുഷ്ടിച്ചവർ ഒരംശം എടുത്തുപയോഗിച്ചു. അത് ഇന്നും തുടർന്നുവരുന്നു.

സ്തുതി, സ്തോത്രം, അനുതാപം, അപേക്ഷ, സമർപ്പണം എന്നിവ ഒത്തിണങ്ങിയിരിക്കുന്ന വി. കുർബ്ബാനയിൽ കർത്താവിന്റെ ജനനം, മാമോദീസാ, പരസ്യ ശുശ്രൂഷ, കഷ്ടാനുഭവം, മരണം, ഉയിർപ്പ്, സ്വർഗ്ഗാരോഹണം, രണ്ടാംവരവ് തുടങ്ങിയ എല്ലാ സംഭവങ്ങളും ഒരു നാടകത്തിലെന്നപോലെ ഭംഗിയായി അവതരിപ്പിച്ചിരിക്കുന്നു. കാർമ്മികൻ പ്രാർത്ഥനകൾ ഉറക്കെ ചൊല്ലുകയും ജനങ്ങൾ അതുകേട്ട് നല്ല ശബ്ദത്തിൽ പ്രതിവാക്യങ്ങൾ ചൊല്ലുകയും വേണം. കാണാതെ ചൊല്ലുവാനും, പാടുവാനും കഴിയുമെങ്കിൽ പോലും പുസ്തകം നോക്കിത്തന്നെ വേണം അതു ചെയ്യുവാനെന്ന് സഭ നിഷ്കർഷിക്കുന്നു. ജീവിച്ചിരിക്കുന്നവർ ആരാധനനടത്തുമ്പോൾ അവരോടൊപ്പം വാങ്ങിപ്പോയ അദൃശ്യരും സ്വർഗ്ഗത്തിലെ മാലാഖമാരും ആർത്തിരമ്പുന്ന ആരവത്തോടെ ദൈവത്തെ സ്തുതിക്കുന്നത് കാണുന്നില്ലെങ്കിലും അങ്ങിനെ വിശ്വസിക്കുന്നത് എത്ര മനോഹരമായ അനുഭവമാണ്.

വി. കുർബ്ബാനസർവ്വ ലോകത്തിന്റെയും രക്ഷക്കായി തന്നെത്തന്നെ നിത്യയാഗമായി അർപ്പിച്ച നമ്മുടെ കർത്താവിനെയും , അവന്റെ മരണത്തിനെയും അനുസ്മരിക്കുന്നതും പ്രസ്താവിക്കുന്നതുമായ ഒരു കർമ്മമാണ്. യാഗമായി അർപ്പിക്കപ്പെട്ട ക്രിസ്തുവിനെ ഭക്ഷിച്ചുകുടിക്കുന്നതിനുള്ള യാഗവിരുന്നും യേശു ക്രിസ്തു മൂലമുള്ള രക്ഷയുടെ നിർണ്ണയത്തിന് ഒരു ലക്ഷ്യവുമാണ്. ഇത് വിശ്വാസികൾക്ക് ക്രിസ്തുവിനോടും തമ്മിൽ തമ്മിലുമുള്ള ഏകീകരണത്തിന് ഒരു മുഖാന്തരവുമാണ്.ക്രിസ്തു മൂലമുള്ള രക്ഷയെയും, ദൈവത്തിൽ നിന്ന് നാം അനുഭവിക്കുന്ന മറ്റെല്ലാവിധ നന്മകളെക്കുറിച്ച് ദൈവത്തോടുള്ള നമ്മുടെ കൃതജ്ഞതയെയും അറിയിക്കുന്ന സ്തോത്ര അർപ്പണവുമാണ്. ക്രിസ്തുവിന്റെ നിത്യയാഗത്തെ ആധാരമാക്കിക്കൊണ്ട് സകല അനുഗ്രഹങ്ങൾക്കായിട്ടും ദൈവത്തോടുള്ള ഒരഭ്യർത്ഥനയും, ക്രിസ്തുവിന്റെ യാഗത്തോട് ഐക്യപ്പെട്ട് സഭ തന്നെത്തന്നെ ജീവനും, വിശുദ്ധിയും, ദൈവത്തിന് പ്രസാദവുമുള്ള ഒരു യാഗമായി സമർപ്പിക്കുന്ന ഒരർപ്പണവുമാണ്. നിക്കോളാസ് സർതോവ് എന്ന റഷ്യൻ വേദശാസ്ത്രജ്ഞന്റെ അഭിപ്രായത്തിൽ “വിശ്വാസികളുടെ സമ്മേളനത്തിൽ ഉയിർത്തെഴുന്നേറ്റ ക്രിസ്തു പരിശുദ്ധാത്മാവിൻകൂടെ തന്നെത്തന്നെ വെളിപ്പെടുത്തുന്ന ശുശ്രൂഷയാണ് വിശുദ്ധ കുർബ്ബാന”.

(തുടരും...)

Editorial Board: P.T. John, K.K. George (94470 40484), Mammen Abraham & Suma Mathew. Design: Cornet, Cochin

Website: www.stmarysorthodoxcathedralekm.org **Email: georgekaithayil@yahoo.com** **For Private Circulation only**
Edited & Published by: K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490**

PARISH News
MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM
VOL : 7 • ISSUE : 6
JUNE 2013

എഡിറ്റോറിയൽ

മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുക

നാം എപ്പോഴും നമുക്കുവേണ്ടിയും, നമ്മുടെ കുടുംബാംഗങ്ങൾക്കുവേണ്ടിയും മാത്രമാണല്ലോ പ്രാർത്ഥിക്കുക. ക്രിസ്തീയ ജീവിത നിലനിൽപ്പിനു തന്നെ മറ്റുള്ള വർക്കുവേണ്ടിയുള്ള പ്രാർത്ഥന അത്യന്താപേക്ഷിതമാണ്. നാം മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ ആ അനുഗ്രഹങ്ങൾ നമുക്കും ലഭ്യമാകുമെന്നുള്ളത് നിശ്ചയമാണ്. യേശുക്രിസ്തുവും അതുതന്നെയാണല്ലോ ചെയ്തിരുന്നത്. “ഞാൻ അവർക്കുവണ്ടി അപേക്ഷിക്കുന്നു, ലോകത്തിനുവേണ്ടിയല്ല. നീ എനിക്കു തന്നിട്ടുള്ളവർ നിനക്കുള്ളവർ ആകകൊണ്ട് അവർക്കു വേണ്ടിയത്രെ ഞാൻ അപേക്ഷിക്കുന്നത് (യോഹ. 17:9). യേശുക്രിസ്തുവിനെ കുരിശിൽ തറച്ചവർക്കുവേണ്ടിയും ക്രിസ്തു പ്രാർത്ഥിച്ചല്ലോ.

ഇയ്യോബിന് അനുഭവിക്കേണ്ടി വന്ന ദുരിതങ്ങൾ എത്ര ഭയങ്കരമായിരുന്നു. എന്നാൽ ഇയ്യോബ് എല്ലാ ദുരിതങ്ങളും സഹിച്ച് സ്നേഹിതർക്കു വേണ്ടി പ്രാർത്ഥിച്ചപ്പോൾ അദ്ദേഹത്തിനുണ്ടായ ആശ്വാസം നാം വായിച്ചറിഞ്ഞിട്ടുണ്ടല്ലോ. നാം അർഹതയില്ലാത്തവർക്കായി പ്രാർത്ഥിച്ചാൽ ആ പ്രാർത്ഥനയുടെ ഫലം അപ്പോൾത്തന്നെ നമ്മിലേക്കു തിരിച്ചുവരും. യേശുക്രിസ്തു ശിഷ്യന്മാരെ ദൈവരാജ്യം പ്രസംഗിക്കുവാനായി നാനാഭാഗങ്ങളിലേക്കും അയക്കുമ്പോൾ അവർക്കു കൊടുത്ത നിർദ്ദേശം പിൻതലമുറക്കാർക്കും വേണ്ടിയായിരുന്നു. ''ആ വീട്ടിൽ ചെല്ലുമ്പോൾ അതിനു വന്ദനം പറവിൽ. വീട്ടിന് യോഗ്യതയുണ്ടെങ്കിൽ ആ സമാധാനം അതിൻമേൽ വരട്ടെ. യോഗ്യത ഇല്ല എന്നു വരികിൽ സമാധാനം നിന്നിലേക്ക് മടങ്ങി പോരട്ടെ.'' (മത്താ. 10:12,13).

മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ മാത്രമായി സമ്മേളിക്കുന്ന സംഘങ്ങൾ തന്നെയുണ്ട്. ഒരിക്കൽ ഇങ്ങനെ പ്രാർത്ഥിക്കുവാൻ സമ്മേളിച്ചിരുന്ന ഒരു യോഗത്തിൽ ഒരു വീട്ടുജോലിക്കാരി പെൺകുട്ടി ക്രമമായി സംബന്ധിച്ചിരുന്നു. അവൾ എപ്പോഴും വളരെ സന്തോഷവതിയായി കാണപ്പെട്ടിരുന്നതിനാൽ യോഗ നടത്തിപ്പുകാർ അവളോട് ''എന്തുകൊണ്ടാണ് നീ എപ്പോഴും സന്തോഷവതിയായിരിക്കുന്നത്'' എന്ന് ചോദിച്ചു. അവൾ പറഞ്ഞ ഉത്തരമിതായിരുന്നു. ''ഞാൻ എല്ലാ ദിവസവും ദൈവസന്നിധിയിൽ ഇരുന്ന് അന്നത്തെ വർത്തമാനപത്രം വായിക്കുകയും, നിര്യാതരായവരുടെ പേരുകൾ നോക്കി അവരുടെ കുടുംബാംഗങ്ങൾക്കു വേണ്ടിയും, വിവാഹിതരായവരുടെ പേരുകൾ നോക്കി അവരുടെ സന്തോഷകരമായ കുടുംബ ജീവിതത്തിനുവേണ്ടിയും പ്രാർത്ഥിക്കുന്ന പതിവുണ്ട്.'' ഇതായിരുന്നു അവളുടെ സംതൃപ്തിയുടെ രഹസ്യം. കത്തോലിക്ക സഭയുടെ ഭാഗമായ ‘റൊസേറിയൻസ്’ എന്ന സംഘടനയുടെ പ്രാധാന കർത്തവ്യം മുഴുവൻ സമയവും മറ്റുള്ളവർക്കു വേണ്ടി പ്രാർത്ഥിക്കുക എന്നതാണ്. റൊസേറിയൻ ആശ്രമത്തിലുള്ളവർ മാറി മാറി ഇരുപത്തിനാലു മണിക്കൂറും പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ നമുക്കും ചുമതലയുണ്ട്. ■

ഇടയ ലേഖനം

THE LURE OF MONEY AND POWER

- Dr. Yakob Mar Irenaios Metropoitan

The Freudean psychology says that man is a pleasure-seeking animal; and this is true of a large majority of people in every generation. The attraction is so powerful that the "seeker" may go to any extent to secure money enough for a pleasure-filled life at any cost. Money shall bring in its train power and influence; and more often than not, proximity to the corridors of power. This phenomenon is not country specific, but is a common feature around the world. When Lord Buddha proclaimed that "Dukha" or sorrow is the result of a leaning towards the pleasures of life; and once the person is salvaged from this "Thrishna", perhaps he shall lead a peaceful and contented life. This idea remains mostly at the philosophical or academic level and seldom percolates down and gets translated into the practical plane.

The media reports of scams, 'spot- fixing' stories, 'idols' of a celebrated game falling to the ground shamelessly, reports of small girls being subjected to sexual harassment by next of kin - all point to the unholy alliance of money and power. Another social evil that eats into the vitals of life and morality is alchoholism. This malaise results in road accidents, break up of families, various ailments, premature death, social unrest and annihilation of human skills and capabilities. On the larger canvas, it can easily be discerned that this malady is related to one or both of the two - money and power.

There is no suggestion that these social evils have made their debut in our generation; thay have been there from the very "beginnings". However, there is no denying the fact that in modern times the possibilities and 'occasions' for their growth are much more available in our times.

The Church has the divine assignment to witness to Kingdom of God on this earth. Therefore, the Body of Christ has the bounden duty to steer clear of these ungodly influences. The Church is in the world; but the Lord has chosen and separated it from trends of evil in the body politic. In many ways the Church is 'set apart' from the world, though the Church is to be and work with the world. Its function in the world has been clearly set out - to function as the light and salt of the world. To be a Christian certainly entails certain duties and responsibilities: the Christian has to set a standard of life and morals , sometimes unknown to the world. This assay may at times lead to resentment and opposition. The Christian may look like any other person, but he is a different person altogether! He is one led by the Holy Spirit (and not by any other 'spirit') . Actually ,there were perceptible and distinguishing characteristics for the early Christians, which set them apart from the "ways" of the world.

In modern times and in our generation, this uniqueness of Christians and Christianity has to be properly understood and appreciated. It can never move with the trends and currents of the world. The world values the centres of power and those who possess more. Here is th fundamental issue of values and attitudes, which are to be nourished. The present human society and the doldrum of "politics" are vitiated by all kinds of attendant evils beyond recognition; so much so that the borders separating good and are slowly thinning out.

As Orthodox Christians, it is a time of soul- searching for us - are we the true witnesses of Christ who fought against the evil centres of money and power and gave his precious life for the salvation of the world?

Otherwise, this flow of faith is liable to be wiped out from the face of the earth by the enormous power of evil! ■

വികാരിയുടെ കത്ത്

ഭീരുക്കളെ രക്ത സാക്ഷികളാക്കുന്ന പരിശുദ്ധാത്മാവ്

ഫാ. പി. ഐ. വർഗ്ഗീസ്

പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന് ബോദ്ധ്യം വരുത്തുന്ന പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥനെ അയക്കും എന്ന യേശുനാഥന്റെ വിടവാങ്ങൽ പ്രഭാഷണത്തിന്റെ യാഥാർത്ഥ്യവൽക്കരണമാണ് പെന്തിക്കോസ്തി നാളിൽ നടന്നത്. അവരെല്ലാവരും പരിശുദ്ധാത്മാവിൽ നിറഞ്ഞു. (അ: പ്ര: 2:4) എന്തിനാണ് പരിശുദ്ധാത്മാവിനെ അയച്ചത്. സകല സത്യത്തിലും നമ്മെ വഴി നടത്തുക എന്നതാണ് പരിമിതമായ വാക്കുകളിൽ, പരിശുദ്ധാത്മാവിനെ അയച്ചതിന്റെ ലക്ഷ്യം. എന്താണ് പരിശുദ്ധാത്മാവ് ലോകചരിത്രത്തിൽ ചെയ്തുകൊണ്ടിരിക്കുന്നത്.

ചരിത്ര യാഥാർത്ഥ്യങ്ങളെ സത്യസന്ധമായ ബോദ്ധ്യത്തിൽ അഭിമുഖീകരിക്കുന്നതിനും, ലോകത്തിലേക്ക് സധൈര്യം പോകുന്നതിനും, ലോകത്തിൽ പാപത്തിനെതിരെ പോരാടി, നീതി ബോധത്തിൽ ജീവിച്ച്, ദൈവരാജ്യമൂല്യങ്ങൾക്കു വേണ്ടി മരിക്കുന്നതിനും പരിശുദ്ധാത്മാവ് നമ്മെ ശക്തീകരിക്കുന്നു. സാക്ഷികളാകുക.(to witness) എന്ന പദം മാർട്ടറിയ (Marturia) എന്ന മൂലപദത്തിൽ നിന്നും ഉത്ഭവിക്കുന്നതാണ്. അതിന്റെ അർത്ഥം രക്തസാക്ഷികളാകുക എന്നാണ്. അപ്പോൾ പരിശുദ്ധാത്മാവ് രക്തസാക്ഷികളാകുന്നതിനാണ് നമ്മെ ശക്തീകരിക്കുന്നത്.

പരിശുദ്ധാത്മാവിനെ ലോകത്തിലേക്ക് അയച്ചത് യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം എന്ന വേർപ്പാടിന് ശേഷമാണ്. ആ വേർപാട് പരിശുദ്ധാത്മാവ് ഇറങ്ങിവരുന്നതിന്റെ വിലയായിരുന്നു. ഒപ്പം ഉയർപ്പിലൂടെ നാൽപ്പതു ദിവസങ്ങൾക്കുശേഷം സ്വർഗ്ഗത്തിലേക്കുള്ള ആരോഹണം വഴിയുള്ള ഒരു മാറ്റപ്പെടലും ആയിരുന്നു. ആ വേർപാടിന്റെ വേളയിലാണ് നിങ്ങൾ പരിശുദ്ധാത്മാവിനെ പ്രാപിക്കണമെന്ന് യേശു പറഞ്ഞത്. അപ്പോൾ എന്തിനുവേണ്ടി താൻ വേർപെട്ടോ അതിനു വേണ്ടി നിലനിൽക്കാൻ, യേശുവിന്റെ ജീവിത ശൈലി ആവർത്തിക്കാൻ അഥവാ തുടർന്നു കൊണ്ടുപോകുവാൻ പരിശുദ്ധാത്മാവ് നമ്മെ നിരന്തരം ശക്തീകരിക്കുന്നു. തന്റെ ജീവിതം സുരക്ഷിതമാക്കാനല്ല മറിച്ച് ലോകത്തിൽ തന്റെ സാക്ഷികളാകാൻ, രക്തസാക്ഷികളാകാൻ അവൻ നമുക്ക് കരുത്തു പകരുകയാണ്.

രക്തസാക്ഷികളുടെ രക്തം സഭയുടെ തഴച്ചുവളരലിന് ഉതകുന്ന വളമാണ്. രക്തസാക്ഷികളാകാൻ നാമിന്ന് തയ്യാറാണോ എന്ന ചോദ്യം നമ്മുടെ മുമ്പിൽ സജ്ജീവമാകുമ്പോൾ വർഗ്ഗീയ ചിന്തയാൽ രക്തം തിളച്ച് അന്ധമായും അനാവശ്യമായും ജീവിതത്തെ ഹോമിക്കുന്നതിനല്ല, മറിച്ച് നന്മ ചെയ്യുന്നതിലൂടെ ക്രൂശിന്റെ വേദന സഹിക്കുവാനുള്ള വെല്ലുവിളിയാണ് യാഥാർത്ഥ്യമായി കാണേണ്ടത്. ആദിമ സഭ അതിശക്തമായ പീഢനങ്ങളിലൂടെയാണ് കടന്നുപോയത്. പരിശുദ്ധാത്മ ശക്തിയിൽ അന്നുള്ളവർ പീഢനങ്ങളെ അഭിമുഖീകരിച്ചു, പലരും രക്തസാക്ഷികളായി. സ്തെഫാനോസും, യാക്കോബും, പത്രോസും, പോളികർപ്പോസും രക്തസാക്ഷികളുടെ ആദ്യ പട്ടികയിൽ പെടുന്നുവെങ്കിലും ആസ്ത്രേലിയൻ മിഷനറി ഗ്രഹാം സ്റ്റെയിൻസും, സിസ്റ്റർ റാണി മേരിയും, ഫാദർ അരുൾദാസും മറ്റും ഇന്നും ആ പട്ടിക പൂരിപ്പിക്കുകയാണ്. ■

വിശേഷ ദിവസങ്ങൾ

ജൂൺ 2013

16 ഞായർ	ശ്ലീഹാ നോമ്പാരംഭം
29 ശനി	ശ്ലീഹാ നോമ്പുവീടൽ, പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ
30 ഞായർ	12 ശ്ലീഹന്മാരുടെ ഓർമ്മ

ജൂലൈ

3 ബുധൻ	വി. മാർത്തോമാശ്ലീഹായുടെ ഓർമ്മ

മർത്തമറിയം വനിത സമാജം

27-4-2013 ൽ പാലാരിവട്ടം സെന്റ് ജോർജ്ജ് ഓർത്തഡോക്സ് വലിയ പള്ളിയിൽ വച്ചു നടന്ന തെക്കൻ മേഖല ഭദ്രാസന മത്സരങ്ങളിൽ സെന്റ് മേരിസ് ഓർത്തഡോക്സ് കത്തീഡ്രൽ മർത്തമറിയം വനിത സമാജം 51 പോയിന്റോടെ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

Juniors

1. **Christina Mariam Chacko**
   * Single Song - I Prize
   * Bible Reference - I Prize
   * Verses Writing - I Prize
   * Group Song - II Prize
2. **Sona Ullas**
   * Single Song - I Prize
   * Elocution - I Prize
   * Group Song - II Prize
3. **Rebecca Mariam Jacob**
   * Group Song - II Prize

Seniors

1. **Mariamma Chacko**
   * Bible Reference - I Prize
2. **Elsa Mammen**
   * Quiz - I Prize

Super Seniors

1. **Molly Koshy**
   * Elocution - II Prize
   * Quiz - I Prize
   * Group Song - III Prize
2. **Elsy Job**
   * Single Song - II Prize
   * Group Song - III Prize
3. **Maggi James**
   * Quiz - I Prize
   * Bible Reference III Prize
4. **Annie Jose**
   * Bible Reference - I Prize
   * Group Song - III Prize

പാരീഷ് ന്യൂസിന്റെ അഭിനന്ദനങ്ങൾ

മാമോദീസ

പനമ്പിള്ളി നഗർ MIG – 413 ചീരൻസ്, ശ്രീമതി. റിയ സഖറിയ ചീരന്റെയും, ശ്രീ. മാത്യൂസ് ജോമിയുടെയും മകൾ **ഏലിയാമ്മ** 22-5-2013 ൽ മാമോദീസ സ്വീകരിച്ചു.

ഈ പൈതലിന് ദൈവകൃപ ആശംസിക്കുന്നു

വിവാഹം

എറണാകുളം ചിറ്റൂർ റോഡ്, വാളക്കുഴി ശ്രീ. ഷാജി ഉമ്മന്റെയും, ശ്രീമതി. ക്രിസ്റ്റി ഉമ്മന്റെയും മകൻ **മിഥുൻ ഉമ്മനും** വെങ്ങോല പാറക്കാട്ട് ശ്രീ. പോൾ പാറക്കാട്ടിന്റെയും, ശ്രീമതി. എൽസി പോളിന്റെയും മകൾ **ഷെറിൻ സാറാ പോളും** തമ്മിലുള്ള വിവാഹം 27-5-2013 ൽ ബ്രഹ്മവാർ ഭദ്രാസനത്തിന്റെ അഭി. യാക്കോബ് മാർ ഏലിയാസ് മെത്രാപ്പോലിത്തായുടെ കാർമ്മികത്വത്തിൽ കത്തീഡ്രലിൽ നടന്നു.

വധൂവരന്മാർക്ക് മംഗളാശംസകൾ!

നിര്യാതരായി

1. എളംകുളം സുബാഷ് ചന്ദ്രബോസ് റോഡ് കീഴൂട്ട് **കെ.എം ജോൺ** (75) 7-5-2013 ൽ നിര്യാതനായി. എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.

2. പച്ചാളം ചെറുവത്തൂർ **കുഞ്ഞമ്മ ഉക്രു** (85), 7-05-2013 ൽ നിര്യാതയായി. ചിറ്റൂർ റോഡ് സെമിത്തേരിയിൽ 8-05-2013 ൽ അടക്കം ചെയ്തു

ആദരാഞ്ജലികൾ

എളംകുളം മാർ ഗ്രീഗോറിയോസ് ചാപ്പൽ – വി. കുർബ്ബാനസമയം
Jun. 02 - 07.00 a.m. Jun. 09- 10.00 a.m. Jun. 16 - 07.00 a.m. Jun. 23 - 10.00 a.m.

ഭദ്രാസന വിശേഷങ്ങൾ

ഓർമ്മപ്പെരുന്നാൾ

ഭാഗ്യ സ്മരണാർഹരായ സെമുവോൻ മാർ ദിവന്നാസ്യോസ്, പൗലോസ് മാർ സേവേറിയോസ്, യൂഹാനോൻ മാർ സേവേറിയോസ്, യാക്കോബ് മാർ പോളികാർപ്പോസ് എന്നീ തിരുമേനിമാരുടെ ഓർമ്മപ്പെരുന്നാൾ മെയ് 17.18 ന് കോട്ടയം സെമിനാരിയിൽ ആഘോഷിച്ചപ്പോൾ.

വി. കുർബ്ബാനാനന്തരം നടന്ന അനുസ്മരണ യോഗത്തിൽ അഭി. തോമസ് മാർ അത്താനാസിയോസ്, യൂഹാനോൻ മാർ പോളികാർപ്പോസ്, ഡോ. യാക്കോബ് മാർ ഐറേനിയോസ് എന്നീ തിരുമേനിമാർ സംബന്ധിക്കുകയും, കോട്ടയം സെമിനാരി അദ്ധ്യാപകൻ, ബഹു. റവ. ഡോ. റെജി മാത്യു അനുസ്മരണ പ്രസംഗം നടത്തുകയും ചെയ്തു.

Semauon Mar Dionysius Scholarship: തുടക്കം മുതൽ കഴിഞ്ഞ 10 വർഷവും സ്കോളർഷിപ്പിന് അർഹരായവർ ഭാരവാഹികളോടൊപ്പം. (എറണാകുളം സെന്റ് മേരീസ് കത്തീഡ്രലിൽ മെയ് 22-ാം തീയതി ബുധനാഴ്ച സ്കോളർഷിപ്പ് വിതരണാനന്തരം എടുത്ത ചിത്രം).

ആർദ്രത റിലീഫ് സെന്ററിന്റെ ആഭിമുഖ്യത്തിൽ രോഗികൾക്ക് മാസം തോറും ഡയാലിസിസിനായി കൊടുക്കാറുള്ള ധനസഹായം മെയ് 30 -ാം തിയതി റവ. ഫാ. അലക്സ് പി. ജോർജ്ജ് ഡി.എം.ഒ ഡോക്ടർ മിസ്സിസ് ഹസീനയെ ഏൽപ്പിക്കുന്നു. തമ്പി മാർക്കോസ്, സാബു ചെറിയാൻ, കെ.കെ. ജോർജ്ജ് എന്നിവർ സമീപം.

OCYM News

നമ്മുടെ ഇടവകാംഗവും ഓ.സിവൈ.എം.ന്റെ സീനിയർ മെമ്പറുമായ രാജുവിന്റെയും ആലീസിന്റെയും 20-ാം വിവാഹ വാർഷികം മെയ് 17-ാം തീയതി വൈകുന്നേരം ഭവനത്തിൽ വച്ച് ഓ.സിവൈ.എം. അംഗങ്ങൾ പ്രാർത്ഥനയോടെ ആഘോഷിച്ചു.

വിശുദ്ധ കുർബ്ബാന

ഓർത്തഡോക്സ് സഭയുടെ ആരാധന ക്രമീകരണങ്ങളിൽ വിശുദ്ധ കൂദാശകൾക്ക് അതിശ്രേഷ്ഠമായ സ്ഥാനമാണുള്ളത്. എല്ലാ കൂദാശകൾക്കും ദിവ്യമായ ഒരു രഹസ്യാത്മകതയുണ്ട് എന്നാൽ കൂദാശകളെപ്പറ്റി കൂടുതൽ പഠിക്കുകയും അറിയുകയും അതിൽ പങ്കാളികളായി തീരുകയും ചെയ്യുമ്പോൾ ഈ രഹസ്യാത്മകത അനുഭവ കരങ്ങളിലൂടെ യാഥാർത്ഥ്യമായികൊണ്ടേയിരിക്കും. അതായത് കാണാൻ കഴിയാത്തതും എന്നാൽ അനുഭവിക്കുവാൻ മാത്രം കഴിയുന്നതുമായ ദൈവ കൃപാ പ്രവാഹം നമ്മിൽ ഉണ്ടാവുന്നു എന്നർത്ഥം. ദൈനം ദിന ജീവിതത്തിൽ നാം ഏറ്റവും കൂടുതൽ പങ്കെടുക്കുകയും സംസർഗ്ഗം ചെയ്യുകയും ചെയ്യുന്ന ഒരു കൂദാശയാണ് വി. കുർബ്ബാന. എന്നാൽ വി. കുർബ്ബാനയെപ്പറ്റി പൊതുവായ ഒരു അറിവ് എന്നതിനേക്കാൾ വലിയ അറിവൊന്നും സഭാംഗങ്ങളിൽ പലർക്കും ഇല്ലാ എന്നുള്ളത് ഒരു യാഥാർത്ഥ്യം മാത്രമാണ്. ഈ സാഹചര്യം കണക്കിലെടുത്ത് നമ്മുടെ ഭദ്രാസനങ്ങളിലെ പള്ളികളിൽ വി. കുർബ്ബാനയെപ്പറ്റി പഠിപ്പിക്കുവാൻ ഒരു ലഘുപഠന ക്രമീകരണത്തിനായി അഭി. ഇടവക മെത്രപ്പൊലീത്ത തിരുമനസ്സിന്റെ ചുമതലയിൽ ഒരു സമിതി ക്രമീകരിക്കുകയുണ്ടായി. എന്നാൽ നമ്മുടെ ഇടവകയിൽ വ്യത്യസ്ഥ സമയങ്ങളിൽ ആരാധന നടക്കുന്നതിനാൽ ആ ആരാധന മദ്ധ്യേ പഠനം അത്ര എളുപ്പമല്ല എന്നു മനസ്സിലാക്കുന്നു. ആയതിനാൽ ഇനി മുതൽ പാരീഷ് ബുള്ളറ്റിനിൽ വി. കുർബ്ബാനയെപ്പറ്റിയുള്ള വിശദാംശങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതാണ്. എല്ലാവരും ബുള്ളറ്റിൻ കൊണ്ടുപോകുന്നതോടൊപ്പം നഷ്ടപ്പെടുത്താതെ സൂക്ഷിക്കണം എന്നും ഉദ്ബോധിപ്പിക്കുന്നു. ■

വികാരി ഫാ. പി. ഐ. വർഗ്ഗീസ്